വാൻ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടുതൽ അംഗൻവാടികൾ ആരംഭിക്കുന്നതിന് കേന്ദ്രഗവൺമെന്റിന്റെ അനുമതി ആവശ്യമാണ്.

67 (2215) വനിതകൾക്ക് ആനുകൂല്യം

ശ്രീമതി റോസമ്മ ചാക്കോ :

ശ്രീമതി രാധാ രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) അറുപത് വയസ്സ് കഴിഞ്ഞ വനിതകളെ സീനിയർ സിറ്റിസൺ ആയി പരിഗണിച്ചുകൊണ്ട് റയിൽവേ യാത്രയ്ക്ക് കേന്ദ്രഗവൺമെന്റ് ആനുകൂല്യം നൽകിയതുപോലെ സംസ്ഥാനത്തുള്ള അറുപതു വയസ്സ് കഴിഞ്ഞ വനിതകൾക്ക് എന്തെങ്കിലും ആനുകൂല്യം നൽകുവാൻ സംസ്ഥാന ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ:

(ബി) ഹയർ സെക്കണ്ടറിവരെയുള്ള പെൺകുട്ടികൾക്ക് ട്രെയിനിൽ യാത്രചെയ്യുന്നതിന് കേന്ദ്രഗവൺമെന്റ് പൂർണ്ണമായും യാത്രചാർജിൽ നിന്നൊഴിവാക്കിയതുപോലെ സംസ്ഥാനത്ത് ഹയർസെക്കണ്ടറി വരെ പഠിക്കുന്ന പെൺക്കുട്ടികൾക്ക് എന്തെങ്കിലും ആനുകൂല്യം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ)(ബി)&(സി) ഇപ്പോൾ പരിഗണനയിലില്ല.

68 (2216) വനിതാ ശിശുക്ഷേമ പദ്ധതി

ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോകബാങ്ക് സഹായത്തോടെ വനിതാ ശിശുക്ഷേമ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ദേശീയ മാതൃസഹായ പദ്ധതിയുടെ സംസ്ഥാനത്തെ പ്രവർത്തന പുരോഗതി എന്താണെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതി അനുസരിച്ച് ഓരോ ജില്ലയിലും എത്ര പേർക്ക് സഹായം ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംയോജിത ശിശുവികസന പദ്ധതി സാർവത്രികമാക്കുന്നതിന്റെ ഭാഗമായി ലോകബാങ്കിന്റെ സഹായത്തോടെ 43 ബ്ലോക്കുകളിൽ ഐ.സി.ഡി.എസ്. പദ്ധതി അനുവദിച്ചിട്ടുണ്ട്. ഇതിൽ 1999-2000 സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly

വർഷം 20 ബ്ളോക്കുകളിലും ശേഷിക്കുന്ന 23 ബ്ളോക്കുകളിൽ 2000-2001 വർഷവുമാണ് പദ്ധതി നടപ്പിലാക്കുന്നത്. ലിസ്റ്റ് അനുബന്ധമായി[+] ചേർക്കുന്നു.

(ബി)&(സി) വിവരം ശേഖരിച്ചു വരുന്നു.

69 (2217) നെടുമങ്ങാട് ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസ്

ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിസദയം മറുപടിനൽകുമോ:

(എ) നെടുമങ്ങാട് ബ്ളോക്കിൽ എന്നാണ് ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസ് അനുവദിച്ചത്; ഇതിന്റെ കീഴിൽ എത്ര അംഗൻവാടി കേന്ദ്രങ്ങളാണ് അനുവദിച്ചിട്ടുള്ളത്;

(ബി) ഈ കേന്ദ്രത്തിലേക്ക് എത്ര വർക്കർ, ഹെൽപ്പർ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്;

(സി) ഈ വേക്കൻസികളിലെ നിയമനത്തിന് ഏതെല്ലാം പത്രങ്ങളിലൂടെ എന്നാണ് അപേക്ഷ ക്ഷണിച്ചത്;

(ഡി) ഇതിൻ പ്രകാരം ഓരോ വിഭാഗത്തിനും എത്ര അപേക്ഷകൾ ലഭിച്ചു; പഞ്ചായത്തു തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ഇ) വർക്കർ, ഹെൽപ്പർ എന്നീ തസ്തികകളിലേക്ക് പട്ടികജാതിയിൽപ്പെട്ട എത്ര പേരുടെ അപേക്ഷകൾ ലഭിച്ചു;

(എഫ്) അപേക്ഷകരിൽനിന്നും അർഹതപ്പെട്ടവരെ തെരഞ്ഞെടുക്കുവാൻ സർക്കാർ എന്നാണ് കമ്മിറ്റിയെ നിയോഗിച്ചത്; ഈ കമ്മിറ്റിയിൽ എത്ര പേർ ഉണ്ടായിരുന്നു; ആരെല്ലാം;

(ജി) ആദ്യം രൂപീകരിച്ച കമ്മിറ്റിയിൽ എം.എൽ.എ. ഒഴികെ മറ്റെല്ലാവരും സി.പി.ഐ(എം)പാർട്ടിയിൽപ്പെട്ടവരാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) പ്രസ്തുത കമ്മിറ്റിയിൽ പട്ടികജാതിയിൽപ്പെട്ട ആരെങ്കിലും ഉണ്ടായിരുന്നോ;

(ഐ) ആദ്യം രൂപീകരിച്ച കമ്മിറ്റിയിൽ നിന്നും ഒരാളെ മാറ്റി പകരം വേറെ ഒരാളെ നിയോഗിച്ചതിന് കാരണം വ്യക്തമാക്കുമോ;

(ജെ) സർക്കാർ രൂപീകരിച്ച കമ്മിറ്റിയെക്കുറിച്ച് നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി എന്തെങ്കിലും പ്രമേയം പാസ്സാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(കെ) എന്നാണ് അംഗൻവാടിയിലേക്കുള്ള നിയമനത്തിന് ഇന്റ്വ്യൂ ആരംഭിച്ചതെന്നും എത്ര ദിവസം ഇന്റർവ്യൂ നീണ്ടു നിന്നു എന്നും ഓരോ ദിവസവും ഹാജരായ ഉദ്യോഗാർത്ഥികൾ എത്രയെന്നും വിശദമാക്കുമോ;

(എൽ) ഇന്റർവ്യൂ സമയത്ത് എക്സ്പർട്ടുകളെ ആരെയെങ്കിലും ഇന്റർവ്യൂ കമ്മിറ്റിയിലേക്ക് വിളിച്ചിരുന്നോ;

(എം) ഇന്റർവ്യൂ നടത്തേണ്ട വിധത്തെപറ്റിയും അംഗങ്ങളുടെ യോഗ്യതയെപ്പറ്റിയും കമ്മിറ്റി മെമ്പർമാർ ആരൊക്കെയായിരിക്കണം എന്നതിനെ

[+] അനുബന്ധം XVII (1,2)

1147/2010.

LIBRARY ARCHIVES Kerala Legislative Assembly